LIST—(*contd.*)

| | | | |
|---|---|---|---|
| 3. | 1 | days in | Irinjalakuda |
| 4. | 1 | ,, | Wadakkanchery |
| 5. | 1½ | day in | Chittur |
| 6. | ½ | day | Nemmara |
| 7. | 2 | days in | Moovattupuzha |
| 8. | 2 | ,, | Munnar |
| 9. | 2 | ,, | Kottayam |
| 10. | 1 | day in | Palai |
| 11. | 1 | ,, | Kanjirapally |
| 12. | 1 | ,, | Ernakulam |
| 13. | 1 | ,, | Narakkal |
| 14. | 1 | ,, | Parur |
| 15. | 1 | ,, | Shertallai |
| 16. | 1 | ,, | Alleppey |
| 17. | 1 | ,, | Pulincunnoo |
| 18. | 1 | ,, | Haripad |
| 19. | 1 | ,, | Kayamcolam |
| 20. | 1 | ,, | Quilon |
| 21. | 1 | ,, | Adur |
| 22. | 1 | ,, | Thiruvella |
| 23. | 1 | ,, | Pathanamthitta |
| 24. | 1 | ,, | Punalur |
| 25. | 2 | days in | Shencottah |
| 26. | 1 | day in | Trivandrum |
| 27. | 1 | ,, | Nedumangad |
| 28. | 1 | ,, | Attingal |
| 29. | 1 | ,, | Neyyanttinkara |
| 30. | 1 | ,, | Kuzhithura |
| 31. | 1 | ,, | Thuckalai |
| 32. | 1 | ,, | Nagercoil and |
| 33. | 1 | ,, | Cape Comorin |

## OFFICERS OF STATE FORCES

*641. **[23] Sri. K. Ramachandran:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether allcommissioned officers of the State Forces will be absorbed by the Central Government; and

(*b*) whether any retrenchment is likely to be effected in the rank and file of the State Forces?

പ്രധാനമന്ത്രി (ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഉവ്വ്.

ശ്രീ. കെ. രാമചന്ദ്രൻ: പിരിച്ചുവിടപ്പെട്ട വല്ല ഉദ്യോഗസ്ഥന്മാരെയും വീണ്ടും മറ്റ ഡിപ്പാർട്ടുമെണ്ടിലേക്ക് എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എടുത്തിട്ടുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: അതിൽ ചീഫ് മിനിസ്റ്റരുടെ ബന്ധുക്കളായി ആരെയെങ്കിലും എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാമചന്ദ്രൻ: ചീഫ്മിനിസ്റ്റരുടെ ബന്ധുക്കളായി ആരെങ്കിലും ഈ ഉദ്യോഗങ്ങൾക്ക് അപേക്ഷിച്ചിട്ടുണ്ടോ?

(ഉത്തരം പറഞ്ഞില്ല.)

ശ്രീ. ഇട്ടീര അമ്മുക്കൻ: പ്രധാനമന്ത്രിയുടെ ആളുകൾക്കാക്കും പോലീസിലും പട്ടാളത്തിലും ഉദ്യോഗസ്ഥന്മാരായി ഇരുന്നുകൂടെ?

**Mr. Speaker:** I disallow that question.

ശ്രീ. സി. വി. ഇയ്യ: പോലീസിലേക്കും പട്ടാളത്തിലേക്കും ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തത് ആരായിരുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു സ്റ്റാഫ്സെലക്ഷൻ ബോർഡാണ്.

ശ്രീ. സി. വി. ഇയ്യ: ഈ പട്ടാളത്തിലേക്ക് തിരഞ്ഞെടുത്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ചിലർ ചീഫ്മിനിസ്റ്റരുടെ ചാർച്ചക്കാരാണെന്നുള്ളത് വാസ്തവമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

ശ്രീ. സി. വി. ഇയ്യ: ഇങ്ങനെ സെലക്ഷൻനടത്തിയതുകൊണ്ട് കൊച്ചിക്കാരുടെ അവകാശങ്ങൾഗൗരവാവഹമായി അവഗണിക്കപ്പെട്ടിട്ടുണ്ടെന്നുള്ള സംഗതി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അവഗണിക്കപ്പെട്ടിട്ടില്ല.

ശ്രീ. സി. വി. ഇയ്യ: ഈ നിയമനങ്ങൾമൂലം കൊച്ചിക്കാരായ ടെയിനിംഗുള്ള സീനിയർ ഉദ്യോഗസ്ഥന്മാരുടെ മേൽ ജൂനിയറായിട്ടുള്ളവരെ കയറ്റിവച്ചിരിക്കുകയാണെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെണ്ട് സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ ശുപാർശ അനുസരിച്ചു സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. സി. വി. ഇയ്യ: ഇങ്ങനെ പിരിച്ചുവിടുന്നതുമൂലം തിരുവിതാംകൂറിലും കൊച്ചിയിലും അനവധി ടെയിനിംഗ് കഴിഞ്ഞിട്ടുള്ള പട്ടാളക്കാരും ഉദ്യോഗസ്ഥന്മാരും തൊഴിലില്ലാതെ വർജ്ജിക്കുവാനിടയാവുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവക കാര്യങ്ങളെ സംബന്ധിച്ച് ഗവണ്മെണ്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. വി. ഇയ്യ: ഇങ്ങനെ പിരിച്ചുവിടാൻ ഇടയാവുന്ന എല്ലാ ഉദ്യോഗസ്ഥന്മാരെയും മറ്റു ഡിപ്പാർട്ടുമെണ്ടുകളിൽ കഴിവുള്ളിടത്തോളം പ്രവേശിപ്പിക്കുന്നതാണെന്ന് എന്റെ ഒരു ചോദ്യത്തിനു മറുപടിയായി ബഹുമാനപ്പെട്ടമന്ത്രി വാഗ്ദത്തം ചെയ്തിട്ടുള്ളതായി ഓർമ്മിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മിലിട്ടറി ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതു സ്റ്റാഫ്സെലക്ഷൻ ബോർഡു മുഖാന്തിരമാണ്. യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാർക്ക് സ്ഥാനം ലഭിക്കുകയും യോഗ്യത കുറഞ്ഞുപോകുന്ന നിർഭാഗ്യവാന്മാരായിട്ടുള്ളവർ പിരിഞ്ഞു പോകുകയും ചെയ്യും.

ശ്രീ. സി. വി. ഇയ്യ: ഇങ്ങനെ പിരിച്ചുവിടപ്പെടുന്ന പട്ടാളക്കാർ തൊഴിലില്ലായ്മമൂലം രാജ്യത്തെ കമ്മ്യൂണിസ്റ്റ് സംഘടനകളുമായി ചേർന്നു പ്രവർത്തനം നടത്തി രാജ്യത്തു് അസമാധാനത്തിനു ഇടയാക്കുമെന്നു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവർക്ക് ശരിയായ തൊഴിൽ ഉണ്ടാക്കി കൊടുക്കാതിരിക്കുന്നതു മൂലം അപകടമുണ്ടാകാതിരിക്കുമോ എന്നു സംശയമാണ്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ സ്റ്റോറേഷോഴ്സും ഇൻഡ്യൻ ഫോഴ്സസുമായി ഇൻറിഗ്രേറേ ചെയ്യാൻ എന്നാണു തീരുമാനിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഇൻറിഗ്രേഷൻ കഴിഞ്ഞതിനു ശേഷമാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അങ്ങനെ ഇൻറിഗ്രേറേ ചെയ്ത അവസരത്തിൽ ഇവിടത്തെ വല്ല ഉദ്യോഗസ്ഥന്മാരും ആ ബോർഡിലുണ്ടായിരുന്നോ?.

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടത്തെ പഴയ ജി. ഒ. സി. ശ്രീ. പരമേശ്വരൻപിള്ളകൂടി ഉണ്ടായിരുന്നു. അദ്ദേഹം ഒരു ഒബ്സർവർ എന്നുള്ള നിലയിൽ ആ സെലക്ഷൻ കമ്മിറ്റിയിലുണ്ടായിരുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: അങ്ങനെ ഇൻഡ്യൻ ഫോഴ്സിലേക്കു് ഇവിടത്തെ മിലിറ്റിറി അബ്സാർബ് ചെയ്യാൻ പാടില്ലെന്നു പഴയ ജി. ഒ. സി. ചീഫ് മന്ത്രിയോടു പറഞ്ഞിട്ടില്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇൻറിഗ്രേഷനശേഷം ഇവിടത്തെ മിലിറ്റിറി സെൻട്രൽ ഗവണ്മെണ്ടുവക ആർമിയിലെ ഒരു ഭാഗമായിത്തീർന്നിരിക്കുകയാണു്. അപ്പോൾ ഇൻഡ്യൻ ആർമിയുടെ റൂൾ അനുസരിച്ചുവേണം നാം പ്രവർത്തിക്കേണ്ടതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതു യൂണിയൻ ഫോഴ്സസു് ആകണമെന്നു തീരുമാനിച്ചതു എന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള ഇൻറിഗ്രേഷനശേഷമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ആ തീരുമാനത്തിനെതിരായി പഴയ ജി. ഒ. സി. റിപ്പോർട്ട ചെയ്തിട്ടില്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇൻറിഗ്രേഷനശേഷം മിലിട്ടറിയെ സംബന്ധിച്ചിടത്തോളം അതൊരു സെൻട്രൽ സബ്ജക്ടായി തീർന്നിരിക്കുകയാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: മറ്റു സ്റ്റോറുകളിലും ഇതുപോലെ സ്റ്റോറ് ഫോഴ്സുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാ സ്റ്റോറുകളിലുമുണ്ടു്. എന്നാൽ അതെല്ലാം ഇപ്പോൾ ഇൻഡ്യൻ ആർമിയുടെ വിഭാഗമായിത്തീർന്നിട്ടുണ്ടു്. എന്നാൽ അവയിൽ ഏതാനും ആളുകളേ ഇൻഡ്യൻ മിലിട്ടറിയിലേക്കു് അബ്സാർബ് ചെയ്യുകയും ബാക്കിയുള്ളവരെ ഹോം ഗാർഡു് എന്നും, ലാൻറ ആർമിയെന്നും മറ്റുമുള്ള പേരുകളിൽ എടുത്തിട്ടുമണ്ടു്. ആ പേരുകളിൽ എല്ലാംതന്നെ ഏതാനും ഭാഗത്തെ പിരിച്ചുവിടേണ്ടതായിട്ടും വന്നിട്ടുണ്ടു്. എന്നാൽ അപ്രകാരം പിരിച്ചു വിടാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുകയും നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയുമാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: മറ്റു രാജ്യങ്ങളിലുള്ളതുപോലെയാണോ ഇപ്പോൾ സ്റ്റോറ്ഫോഴ്സു ഇവിടെയും ഉള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ സ്റ്റോറ്ഫോഴ്സസു് എന്നില്ല, പോലസ് ഗാർഡ് എന്നാണു് പറയപ്പെടുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സ്റ്റാഫ്സെലക്ഷൻബോർഡിൽ പബ്ലിക്സർവ്വീസുകമ്മിഷൻ അംഗങ്ങൾ ആരെങ്കിലുമുണ്ടായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടായിരുന്നു. ശ്രീ. വി. കുഞ്ഞുകൃഷ്ണൻ അവർകൾ.

**Sri. Gasper D'Silva:** Do they exist as the home guard, or land army or what is it?

ശ്രീ. എ. താണുപിള്ള: എത്ര ഉദ്യോഗസ്ഥന്മാരെ സ്റ്റോറ്റ്ഫോഴ്സിൽ നിന്നും പിരിച്ചുവിട്ടു?

ശ്രീ. ടി. കെ. നാരായണപിള്ള: ൨൭ ഉദ്യോഗസ്ഥന്മാരെ. ഇനിയും പിരിച്ചു വിടുന്നതാണ്. മാസംതോറും ൧൦൦ പേരെ വീതം പിരിച്ചു വിട്ടുകൊണ്ടിരിക്കുന്നതാണ്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: തിരുവിതാംകൂർ സ്റ്റോറിൽ പിരിച്ചു വിടുന്നതുപോലെ ബാക്കിയുള്ള സ്റ്റോറുകളിൽ മിലിട്ടറിയെ പിരിച്ചു വിടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെ സ്റ്റോറ് ഫോഴ്സസിൽ കാണിച്ചിരിക്കുന്നതുപൊലെ ആരെങ്കിലും മറ്റു സ്റ്റോറുകളിൽ കാണിച്ചിട്ടില്ല. ഇവിടെയുള്ള ഫോഴ്സസിൽനിന്നും ൩൦ ശതമാനം ആളുകളെ അബ്സാർബ് ചെയ്യുന്നുണ്ട്. മറ്റു സ്റ്റോറുകളിൽ ൭൦ ശതമാനവും അതിൽ കൂടുവുമാണ് എടുത്തിട്ടുള്ളതു്.

ശ്രീ. സി. സി. പ്രസാദ്: ശ്രീ. സി. കേശവന്റെ ആളിനു് പാലസ് ഗാർഡിൽ വല്ല ഉദ്യോഗവും കൊടുക്കാമെന്നു വാക്കു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ വാക്കു കൊടുത്തിട്ടില്ല.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ഈ സെലക്ഷൻ സംബന്ധിച്ചു ചീഫ് മിനിസ്റ്റരുടെ മേൽ വല്ല ആക്രമണവും നടന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ എന്റെ മേൽ ആക്രമണം നടന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള: ഇങ്ങനെ പിരിച്ചുവിടുന്നവർക്കു എതെങ്കിലും ധനസഹായം ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൊടുക്കുന്നുണ്ടു്. അതായതു മസ്റ്ററിംഗ് ഔട്ട് എന്നു പറയുന്ന ഇനത്തിൽ ഏതാനും സംഖ്യയും പ്രൊവിഡന്റ ഫണ്ടും നാലു മാസത്തെ ശമ്പളവും കൊടുക്കുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള: ഈ തുകകൾപോലും പിരിച്ചുവിടുന്ന അവസരത്തിൽ അവർക്കു കൊടുക്കുന്നില്ല എന്നു പരാതിയുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. അവർക്കു ന്യായമായി കിട്ടുവാനുള്ള എല്ലാ സംഖ്യകളും കൊടുക്കുന്നതിലേക്കു അക്കൌണ്ടന്റ് ജനറലിനു അനൌപചാരികമായി നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്. അവരുടെ കണക്കുകൾ ശരിയായി വരാത്തതുകൊണ്ടു താമസം നേരിട്ടിട്ടുള്ളതാണ്.

ശ്രീ. എ. താണുപിള്ള: അക്കൌണ്ടന്റ് ജനറലിനു നിർദ്ദേശം കൊടുക്കാനുള്ള അധികാരം ഈ ഗവണ്മെണ്ടിനാണോ, സെൻട്രൽ ഗവണ്മെണ്ടിനാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണു അനൌപചാരികമെന്നു പറഞ്ഞതു്. തുകകൾ തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ കൊടുക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ടെന്നാണു പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള: ഇങ്ങനെ പിരിച്ചുവിടുന്നവർക്കു ഉടനെതന്നെ കിട്ടേണ്ടതായ സംഖ്യകൾ കൊടുക്കുന്നതിനു ഏർപ്പാടു ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി കെ. നാരായണപിള്ള: തീർച്ചയായും എർപ്പാടുചെയ്യാം. അതു വളരെ അത്യാവശ്യമുള്ള ഒരു സംഗതിയാണു്.

## പ്ലാനിംഗ് കമ്മീഷൻ

*൩൫൨. (൨൪) ശ്രീ. റഫേൽ റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) നമ്മുടെ സംസ്ഥാനത്തേക്കു് ഒരു പ്ലാനിംഗ് കമ്മീഷനുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്നു ജോലി ആരംഭിച്ചു; ഇതുവരെയുള്ള എന്തു ചെയ്തിട്ടുണ്ടു്;

(സി) കേന്ദ്ര പ്ലാനിങ്ങ് കമ്മീഷനുമായി യോജിച്ചാണോ അതു പ്രവർത്തിക്കുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഒരു പ്ലാനിംഗ് ബോർഡും ഒരു ഇൻറർ ഡിപ്പാർട്ടുമെൻറൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടു്.

(ബി) ൧൯൫൦ മാർച്ചുമാസം ൨൨-ാംനു. ഇൻഡ്യാഗവണ്മെണ്ടു പ്ലാനിംഗ് കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ചുള്ള വിവരങ്ങൾ നൽകുകയും, ഈ സംസ്ഥാനത്തെ വ്യവസായസംബന്ധമായ കാര്യങ്ങളെ സംബന്ധിച്ചു് അന്വേഷിച്ചു റിപ്പോർട്ടു് സമർപ്പിക്കുകയും ചെയ്തു.

(സി) അതെ.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ റിപ്പോർട്ടു് ഈ സഭയിലെ അംഗങ്ങൾക്കു കാണാൻ സാധിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതൊരു പ്രൈവറ്റു റിപ്പോർട്ടാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അതിലെ അംഗങ്ങൾ ആരെല്ലാമാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചീഫ് സിക്രട്ടറി, ശ്രീ. മരയ്ക്കാർ, ശ്രീ. പി. ടി. തോമസ് കോട്ടയം, ശ്രീ. പി. കെ. മേനോൻ, കൊച്ചി, ശ്രീ. കെ. സി. കരുണാകരൻ ഇവരാണു്.

ശ്രീ. ഇ. പി. പൌലോസ്: ഇതിൽ ഒരു എക്കാണമിസ്റ്റായി വല്ലവരുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മി. കെ. സി. കരുണാകരൻ ഒരു എക്കണാമിസ്റ്റാണു്.

ശ്രീ. എ. താണുപിള്ള: ആ റിപ്പോർട്ടു് സിക്രട്ടറായി വയ്ക്കാൻ കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സെൻട്രൽ പ്ലാനിങ്ങ് കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ചു തയാറാക്കിയിട്ടുള്ള ഒരു റിപ്പോർട്ടാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അതിൽ ഈ രാജ്യത്തിനാവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; അവയ്ക്കതിനധികാരമുണ്ടോ എന്നു അറിയിക്കാൻ മടിയുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ആവശ്യമായ വിവരങ്ങൾ ഗവണ്മെണ്ടിനെ അറിയിക്കുന്നപക്ഷം അതുംകൂടി ചേർക്കാൻ കഴിയുന്നതാണു്.

**Sri. P. Balakrishnan Tampi:** Has that board met more than once?

**Sri. T. K. Narayana Pillai:** That board has met on various occasions.

LIBRARY ARCHIVES Kerala Legislative Assembly